പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1083 | 30.11.2018 -ലെ മറുപടിക്ക്

# പ്രൊഫഷനൽ ഫോട്ടോഗ്രാഫർമാർക്ക് തൊഴിൽ സുരക്ഷിതത്വം

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പ്രൊഫഷനൽ ഫോട്ടോഗ്രാഫർമാർക്ക് തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തുന്നതിനും അവർക്കായി ക്ഷേമനിധി ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) പ്രൊഫഷനൽ ഫോട്ടോഗ്രാഫർമാർക്ക് അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വം എടുക്കാവുന്നതാണ്. |
| (ബി)അവർക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) 01.02.2017- മുതൽ ഇ.എസ്.ഐ പദ്ധതി സംസ്ഥാന വ്യാപകമാക്കിയതിനാൽ ഏതെങ്കിലും സ്റ്റുഡിയോയിൽ പത്തോ അതിലധികമോ തൊഴിലാളികൾ പ്രവർത്തിയെടുക്കുന്നുണ്ടെങ്കിൽ ടി സ്ഥാപനം ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. ടി സ്ഥാപനത്തിൽ പ്രവർത്തി എടുക്കുന്നതും പ്രതിമാസം 21,000/- രൂപയിൽ താഴെ വരുമാനം ഉള്ളവരുമായ എല്ലാ ഫോട്ടോഗ്രാഫർമാർക്കും ഇ.എസ്.ഐ ആനുകൂല്യം ലഭിക്കുന്നതാണ്. നിലവിൽ ഇ.എസ്.ഐ പദ്ധതി അസംഘടിത മേഖലയിലേക്ക് വ്യാപിപ്പിച്ചിട്ടില്ല. ആയതിനാൽ സ്വന്തമായി ഫോട്ടോഗ്രാഫി പ്രവർത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ വരുന്നില്ല. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ പദ്ധതി ബാധകമാക്കുമ്പോൾ എല്ലാ ഫോട്ടോഗ്രാഫർമാർക്കും ഇ.എസ്.ഐ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |
| (സി) പ്രൊഫഷനൽ ഫോട്ടോഗ്രാഫർമാർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് സംസ്ഥാന തലത്തിൽ സംഘടനാ നേതാക്കളുമായി ചർച്ച നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം ജോലി ചെയ്യുന്ന പ്രൊഫഷനൽ ഫോട്ടോഗ്രാഫർമാർക്ക് ടി ആക്ട് പ്രകാരം ബാധകമായ എല്ലാ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നുണ്ട്. ഫ്രീ ലാന്റ്സ് ഫോട്ടോഗ്രാഫേഴ്സിന് അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ് മുഖേന നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഉറപ്പു വരുത്തുന്നുണ്ട്. ഇക്കാര്യം സംബന്ധിച്ച് സംഘടനാ നേതാക്കളുമായി ചർച്ച നടത്താവുന്നതാണ്. |

Sreekala

**സെക്ഷൻ ഓഫീസർ**